
Coronation Durbar



The Mangalodayam Co., Ltd., Trichur.



പട്ടാഭിഷേക മഹോത്സവം.

ശ്രീനോട്ടമേറ്റുയരുമുത്തമകീർത്തിവായ്പു,-
ന്നൃനോത്തമപ്പദവി,സൽഗ്ഗുണഭാഗ്യപൂർത്തി,
ജ്ഞാനോദയം,വിനയമെന്നിവലാലസിക്കും
'ഹാനോവർ'വംശമെതിരററുവിളങ്ങിടുന്നു.

മെത്തുംകലാകുശലരാജവരോദയത്താ-
ലുത്തുംഗകാന്തികലരുംമഹനീയവംശം
നിസ്തുല്യകീർത്തിഭരചാരുതരംഗമാല
യൊത്തുല്ലസിക്കുമൊരുപാൽക്കടലെന്നപോലെ.

ചട്ടററനന്മപലതുള്ളതദന്വയത്തിൽ
പ്പെട്ടുള്ളവീരരുടെനാടിനുനാമധേയം
'ബ്രിട്ടീഷി'തിപ്രഥിത,മായതിനുള്ളബന്ധം
ബ്രിട്ടൻസുപൂർവ്വനൃപരാവുകകൊണ്ടുതന്നെ.

ഇംഗ്ലീഷുഭാഷനിജഭാഷയതാകയോപ-
ണ്ടാങ്ക്ൾസ്സുതങ്ങളുടെപിൻവഴിവാഴ്കയോതാൻ
ഇംഗ്ലാണ്ടിൽവാണിടുകയോദ്ദ്ധമീനൃപന്മാ-
രാംഗ്ലേയരായവഴിമൂന്നുവിധത്തിലാവാം.

സന്നാഹവഹ്നിയിലെതൃക്കുമരാതിവംശ-
മൊന്നായ്മുടിച്ചുജയഭേരിപരംമുഴക്കി
മന്നാകവേപുകൾപരത്തിയതല്ലൂലേ'ജോ-
ജ്ജാന്നാമ'നെന്നനരപുംഗവനാദിഭൂപൻ.

മിന്നുന്നധൈര്യനയശീലവിവേകപുഷ്ടി
വന്നുല്ലസിക്കുമവനീപതിമാനനീയൻ
തന്നുള്ളലിഞ്ഞുസകലജ്ഞതപൂണ്ട'വാൾപ്പോ-
ളെ'ന്നുള്ളമന്ത്രിവരനൊത്തുഭരിച്ചുരാജ്യം.

പാലോടെതൃത്തപുകളേന്തിയ'പാല്ലിമേണ്ടാ'-
മാലോചനാസഭവഴിക്കുമഹാനുഭാവൻ
കാലോചിതപ്പടിഗുണാഗുണനിർണ്ണയംചെ-
യ്തീലോകപാലനമനാകുലമാചരിച്ചു.

ക്രിസ്താബ്ദമഷ്ടശതമോടിരുപത്തിയാറു-
മൊത്താണ്ടിലീയരിയമന്നുഭരിച്ചവമ്പൻ
ശസ്താശയൻഭരണകോവിദനാകു'മെഗ്ബർ-
ട്ടു'ൾത്താർതെളിഞ്ഞിഹതുടങ്ങിയതീസമാജം.

ശാന്തസ്വഭാവിസചിവൻതുണയാകമൂലം
സ്വാന്തംകുളൂത്തുകലഹങ്ങളിലേപ്പെടാതെ
അന്തസ്സിലാത്മജനരക്ഷയിലാനരേന്ദ്രൻ
സ്വാന്താവരെസ്സുദ്ദഢമുത്സുകനായിരുന്നു-

പാരാകവേപുരുസുഖം'പതിമൂന്നു'കൊല്ലം
നേരായമാതിരിഭരിച്ചുപരിഷ്കരിച്ചു
'ഓരായിരത്തിയെഴുനൂറിരുപത്തിയേഴി'
ലാരാജപുംഗവനണഞ്ഞിതുകാലധർമ്മം.

കണ്ടാലതിശ്രീകലരുന്ന'ജോർജ്ജു
രണ്ടാമ'നെന്നുള്ളോരുമന്നവേന്ദ്രൻ
കൊണ്ടാട്ടമാമട്ടഥമന്നുകാത്തു-
കൊണ്ടാനുദാരൻസരസംസദാരൻ.

സപ്പത്തിനെപ്പോലെചൊടിച്ചവൈരി
ദപ്പംമുടിക്കുംനൃപനന്നുരാജ്യം
സ്വപ്പത്തനംപോലഴകാക്കിനന്നായ്
'മുപ്പത്തിമൂന്നാണ്ടു'വിളങ്ങിവീരൻ.

സ്വഹാനുരൂപംവിളു'ജോർജ്ജുമൂന്നാം'
മഹാരഥൻസവ്വകലാവിദഗ്ദ്ധൻ
സഹായമായുള്ളണിസേനയോടും
മഹാധിപത്യത്തെവഹിച്ചിരുന്നു.

വിളങ്ങു'മിംഗ്ലാണ്ടി'ൽജനിച്ചനന്നായ്
വളൎന്ന്'ഹാനോവർകുലാ'ധിനാഥൻ
തിളങ്ങുമാറുൾക്കനിവാൎന്നിളയ്ക്കാ-
തിളയ്ക്കവേണ്ടുന്നഗ്ഗുണംവരുത്തി.

പ്രസാദമുൾക്കൊണ്ടുതദീയരാജ്യം
പ്രസാധനംപൂണ്ടുവിളങ്ങിനിത്യം
സുസാരനാമീനൃപനാഥഹൎഷം
രസാവനംചെയ്തിതു'ഷഷ്ടി'വൎഷം.

സ്ഫുരൽപ്രഭാവൻപരമാവിയന്ത്ര-
ത്തരങ്ങളുംനാട്ടിലുദിച്ചശേഷം
പരംയശസ്സോടെഴുന്നെള്ളിവിണ്ണോർ
പുരംമുറയ്ക്കൊന്നുപരിഷ്ക്കരിപ്പാൻ.

അനന്തരംസന്മതി'ജോൎജ്ജുനാലാം'
ജനപ്രിയൻഭൂപതിധന്യശീലൻ
അനന്തസമ്പുഷ്ടിവരുത്തിനന്നാ..
യനന്തട,യക്കാത്തിതു'പത്തുവൎഷം'.

കല്യൻകലാവല്ലഭനേത്രചന്ദ്ര-
തുല്യൻധരാവാസമൊഴിച്ചശേഷം
ശല്യംഭവിക്കാതുടനേററു'നാലാം
വില്യം'ഭരിച്ചുമുറപോലെരാജ്യം.

വർഷംശരിയ്ക്കുള്ളുലകിങ്കലസ്ഥാ
മർഷംവസിയ്ക്കുംസുജനത്തിനെല്ലാം
ഹർഷംതഴയ്ക്കുംവിധമായ്യനേഴ-
വർഷം’പ്രജാപാലകനായിരുന്നു.

സുതാനനംകണ്ടുമനംകുളുർത്തു
കൃതാർത്ഥനാവാനിടവന്നിടാതെ
നതാംഗിമൌലീമണിയാളെയുംഹാ!
പ്രതാപവാൻവിട്ടിതുഭൂമിയേയും.

നയമേറിടുമാനരേശ്വരൻദു-
ർന്നിയതിപ്പാട്ടിലണഞ്ഞുപോയശേഷം
നിയമപ്പടിമന്നിടത്ത്‌വിക്ടോ-
റിയ’യാംരാജ്ഞിഭരിച്ചുസദ്വിശേഷം.

ക്ഷിതിഭൃത്സഹജാതയായസാധ്വി-
ക്കതിയാകുംനിജഭാഗ്യസിന്ധുവിങ്കൽ
ദ്യുതിയോടുമുദിച്ചചന്ദ്രലേഖാ-
കൃതിയാകുംമകളീമനോജ്ഞരാജ്ഞി.

ശരിയായവിടുന്നുരാജ്യഭാരം
സ്ഫുരിതാമോദമൊടേറ്റുനീതിപോലെ
പരിചോട്‌രുപത്തിനാലുകൊല്ലം’
പരിപാലിച്ചുപരന്നകീർത്തിചാർത്തി.

വിമലാബലയായരാജ്ഞിവീത-
ശ്രമമന്നാസ്സുബലാധിപത്യമേന്തി
ക്ഷമയേനിജകീഴടക്കിവാഴ്കേ
ക്ഷമയാലെജിതയായതെത്ര ചിത്രം!

പലധാത്രികളും വശത്തിൽനില്പോ.
ളുലസാതേനിജനാട്ടുകാക്ക ശേഷം
അലഘുപ്രതിപത്തിപൂണ്ടുധാത്രി
നിലയിൽതന്നെനയിച്ചു ജീവകാലം.

വരഭാഷിണിരാജ്ഞിതൻെറസർവ്വോ-
ത്തരസൌശീല്യഗുണാഭിവൃദ്ധിയാലെ
സരസാത്ഭുതഭാര'മിന്ത്യ' യുംതൽ-
ഭരണക്കീഴിലണഞ്ഞു വിശ്രമിച്ചു.

തടവററതദീയരക്ഷയാൽദു-
ശ്ചടമററീടുമൊരിന്ത്യതന്നിലുള്ളോർ
സ്ഫുടമന്നുമുതല്ക്കുനിസ്തുലാത്മ്യ.
ല്ക്കടസൌഖ്യത്തികവോടുമുല്ലസിച്ചു.

നയശാലിനിതൻപ്രതാപസൂര്യോ-
ദയമായപ്പൊഴതിന്ത്യതന്നിലെങ്ങും
സ്വയമേവമുടിഞ്ഞമന്ധകാരം
ഭയമേററുംഖലവിക്രമാന്ധകാരം.

പലദുൎഘടസങ്കടങ്ങളെന്നും
നിലനിൎത്തുന്നകടുത്തകൃത്യമെല്ലാം
വിലസുംനിയമാഗ്നിതന്നിലേററം
ശലഭപ്രായമഹോ!പൊരിഞ്ഞൊടുങ്ങി.

തൊഴുകയ്യോടു്മായിരത്തിയെണ്ണൂ-
റൊഴുപത്തേഴി്ലിളാധിനാഥയാളിൽ
ഒഴുകുംകുതുകാൎണ്ണവത്തിൽനാട്ടാർ
മുഴുകിച്ചേൎത്തിതുചക്രവൎത്തിനിത്വം.

പ്രണയാത്സാധുക്കൾക്കൊരു
തണലായ്ത്തീൎന്നുള്ളധന്യയാംറാണി
ക്ഷണമിന്ത്യക്കുളവാക്കിയ
ഗുണമോൎക്കുമ്പോളസാരമല്ലല്ലൊ.

വിരവിൽകച്ചവടം,കൃഷി,
വരവിദ്യാഭ്യാസമെന്നിവക്കെല്ലാം
പരമഭിവൃദ്ധിവരുത്തി
പ്പരമാനന്ദംപരത്തിലോകത്തിൽ.

സ്വാതന്ത്ര്യാസകലക്കും
സ്ഥിതപ്രേമംകൊടുത്തുവഴിപോലെ
ഭൂതലമോരോമാതിരി
പാതകളെക്കൊണ്ടലങ്കരിപ്പിച്ചു.

പുകവണ്ടികളുംപാരം
പുകഴുംകമ്പിത്തപാലുമിവിടത്തിൽ
സുകരപ്രൌഢിമയിൽജന-
നികരസുഖാർത്ഥംമുദാനടപ്പാക്കി.

കലഹത്തിന്നുവരുംമറു-
തലയെത്തീരെത്തകർത്തുതവിടാക്കി
പലകൊള്ളകളുംനിർത്തി
കലശലമർത്തിക്കലർത്തിസല്ക്കീർത്തി.

ഭൃതിയുമുൽകൃഷ്ടശിവ-
പ്രീതിയുമമ്പോടുഭൃതലാളനയും
നീതിയിലേറുവിളങ്ങും
ജ്യോതിസ്സേറുന്നറാണിമലമകളോ?

നാട്ടിൽകുശലമിവണ്ണം
കൂട്ടിക്കൂറാൻചക്രവർത്തിനിയാൾ
പാട്ടിൽപ്പലവിജയക്കൊടി
നാട്ടിപ്രാപിച്ചുഗാഢമമലപദം.

വിനയഗുണാംബുധിരാജ്ഞീ
തനയൻപിന്നെത്തദീയസാമ്രാജ്യം
സുനയൻസുഖമേറുയശോ-
ധനവാ'നെഡ്വേർഡുസപ്തമൻ'കേമൻ.

അമ്മനടത്തിയമാതിരി
നന്മയൊടീരാജ്യപാലനം ചെയ്തു
കന്മഷരഹിതൻസജ്ജന-
സന്മതനായ്‌വാണുസിന്ധുഗംഭീരൻ.

സത്താംസാമ്രാജ്യംനൃപ-
മുത്താംമുഖ്യർമുതിന്നുമുറപോലെ
മുത്താണ്ടുത്തമനിലയിൽ
പ്പത്താണ്ടോളംഭരിച്ചുഭവുകാത്മാ.

ഈവണ്ണംകുശലമുറക്കുമന്നിടംകാ-
ത്താവമ്പോടരുളിനരാജപുംഗവന്മാർ
കൈവല്യംസുഖമൊടുനേടിനാരിതാനീ-
മീവംശോദ്ഭവനിഹ'ജോർജ്ജുപഞ്ചമാ'ഖ്യൻ.

താഴാത്താനയമൊടുമന്നുകാത്തൊരെഡ്വേർ-
ഡേഴാമൻതിരുവടിതൻദ്വിതീയപുത്രൻ
വ്യാഴാഗ്ര്യപ്രതിഭകലൎന്നതമ്പുരാനി
ക്കീഴാകുംമഹിതമഹിക്കുചക്രവൎത്തി.

സൌഖ്യത്തിൻവിളനിലമായ്‌വളൎന്നസത്സൌ
മുഖ്യശ്രീതടവിടുമീനൃപേന്ദ്രനാലെ
മുഖ്യപ്രൌഢിമയൊടുനേടിനാള്'ലക്സാ-
ണ്ട്രാ'ഖ്യപ്പെൺകുലമണിവീരമാതൃഭാഗ്യം.

വമ്പന്മാരണിനൃപനായിരത്തിയെണ്ണൂ-
റ്റമ്പത്തൊമ്പതിനൊടൊരാറുമൊത്തകൊല്ലം
ഉമ്പർക്കുംകരളിലസൂയചേർത്തലക്ഷ്മീ
സമ്പന്നാന്വയജലധിക്കുതിങ്കളായി.

തിങ്കൾക്കീറൊടുസദൃശംവളർന്നുബാല്യ-
ത്തിങ്കൽത്താൻവിവിധവിശിഷ്ടവിദ്യനേടി
തങ്കൽക്കുറെഴുമവരൊത്തുവീരനന്നാ-
തങ്കത്തിന്നടിയിലകപ്പെടാതിരുന്നു.

മാലില്ലാതരുളിടുമേട്ടനുണ്ടുരാജ്യം
പാലിപ്പാനിതിനിരുപിച്ചുകൊച്ചുനാളിൽ
മാലിന്യമേതിയിലകപ്പെടാത്തവമ്പൻ
ശീലിച്ചുസപദിവിശിഷ്യകപ്പലോട്ടം.

കേടാകാപ്പടിപലമട്ടുകപ്പലോടി-
ച്ചിടാനുംപരമതിനുള്ളനായകത്വം
നേടാനുംപുരുവിരുതേറു‘മഡ്മിറൽ’പ്പേർ
ക്കൂടാനുംദ്രുതമവിടയ്ക്കുദിച്ചുഭാഗ്യം.

മാലോകർക്കുബഹുമാനമേറിയേത്തും
മാലോകാർത്തമരുമിടയ്ക്കുകഷ്ട!മേട്ടൻ
ശ്രീലോലൻശ്രിതജനരക്ഷണോല്ലൂ‘നാൽബ-
ട്ടീ’ലോകപ്പൊറുതിവെടിഞ്ഞുപൊയ്ക്കളഞ്ഞു.

കുന്നിക്കുന്നൊരുമയൊടുല്ലസിച്ചിരിക്കും
തന്നിഷ്ടക്കൊടിദൂരദൃഷ്ടതാസനത്താൽ
ഛിന്നിക്കെച്ചിതറിയ ചിത്തമാന്ധതാനീ
മന്നിന്നുത്തരമവകാശിയായ് ഭവിച്ചു.

ഭോജക്ഷ്മാവരസമധീയുമുഗ്രമാകും
തേജസ്സാംചൊടിയുമുയൎന്നരാജവീരൻ
ഓജസ്സോടഥവിഭുസഞ്ചരിച്ചുകണ്ടു
രാജശ്രീകലരുമനേകമുഖ്യരാജ്യം.

താരിളംതനുരുചിത്തഴപ്പുപൂ-
ണ്ടോരിളാപതിനിജാംഗഭംഗിയെ
‘മേരി’യെന്നരിയപേരിയന്നിടും
നാരിയാൽസഫലമാക്കിനിൎഭരം.

രൂപയൌവനവിലാസമഞ്ജുള
ശ്രീപരന്നവരവാണിരാജ്ഞിയോ
ശ്രീപതിക്കുസമനായ്‌വിളങ്ങുമീ-
ഭൂപവൎയ്യനനുരൂപതന്നെയാം.

ഊഴിയിൽപ്രണയമുള്ളനാഥനാ-
ണാഴിതൻനടുവിലാണുപാൎപ്പിടം
കീഴിലുണ്ടുവിധിമുഖ്യരിദ്ധരാ-
വാഴിയുംമുരവിമാഥിയുംശരി.

ഹൃദ്യയായിനിരവദ്യയായിടും
വിദ്യയുംനയവുമുള്ളസാദ്ധ്വിയാൾ
സദ്യശോഗുണനിഷദ്യയായവി-
ച്ഛേദ്യമാംസുഖമശിപ്പുസാദരം.

പുഷ്കലപ്രണയമഗ്നരാകുമീ-
നിഷ്കളങ്കഹൃദയക്കനാമയർ
ഉൾക്കരംപരമിണങ്ങുമാറുപേർ
മക്കളുത്തമനയങ്ങൾപോലവേ.

ചാരുകല്പകമരങ്ങളുംഗ്ഗുണം
ചേരുമാസ്സുരഭിയുംപിറക്കയാൽ
പേരുകേട്ടകടൽപോലകംകുള-
ത്തോരുഭൂപതിലസിപ്പുപുത്രവാൻ.

പ്രാജ്യമായ്‌വിമലമായപൈതൃകം
രാജ്യമേററരിയനീതിപോലവെ
പൂജ്യനാംനൃവരമൌലികാത്തുസാ-
മ്രാജ്യമംഗളമണപ്പുസാദരം.

ധാടിയോടമരിമാരനാരതം
പാടിടുംവടിവിലിമ്മഹീവരൻ
മോടിനാടിനുവളത്തിടുന്നുപൂ-
വാടികക്കുമധുവെന്നപോലവേ.

കല്പനാബലമെഴുംധരാധിഭൃ-
കല്പകത്തണലണഞ്ഞുകേവലം
നില്പതിന്നുതരമാകയാലിഹാ-
നല്പവിശ്രമികളായിനാട്ടുകാർ.

കേവലാശയൊട്ടമന്നിടത്തിലി-
ന്നാവലാതികളരാതിരിക്കുവാൻ
ഭൂവലാരിബലശാലിസാമ്പ്രതം
കാവലായിമരുവുന്നുസാദരം.

പ്രതിഭാദികളാംഗുണങ്ങളാൽ
പ്രതിഭാസിപ്പൊരുജോർജ്ജുപഞ്ചമൻ
പതിയാവുകമൂലമിന്ത്യയാം
ക്ഷിതിതൻഭാഗ്യമിരട്ടിയായഹോ!

ക്ഷിതിഭൃൽകുലമൂല്പവാഴ്ചയിൽ
പതിവായുണ്ടു'കിരീടധാരണം'
മതിമാനതിനിപ്പൊളിന്ത്യയിൽ
സ്തുതിയോടൊത്തെഴുന്നള്ളിനിർഭരം.

മഹിമാവുയരുന്നൊരിന്ത്യയാം
മഹിയിൽശ്രേഷ്ഠതയുള്ള'ഡല്ലി'യിൽ
മഹിതൻപരിവാരസംഹതീ-
സഹിതൻസാധുവിളങ്ങിടുന്നുതേ.

മതിമാൻ'ഭിലു'വെന്നകാശ്യപീ
പതിതീൎത്താനൊരുരാജധാനിയെ
അതിനാലവിടത്തിനുള്ളപേർ
പതിവായ്‌വന്നിതു'ഢല്ലി'യെന്നുതാൻ

പരമുത്തമമായയാമുന-
ക്കരയിൽപ്പെട്ടൊരുനല്ലഢല്ലിയെ
സരസംപറയുന്നു'ഢൽഹി'യെ-
ന്നരമാംശ്ലേച്ഛജനങ്ങൾഭംഗിയിൽ

ബലമേറിയകോട്ട,ഗോപുരം,
പലമൈതാനതടങ്ങൾപാതകൾ
നിലയങ്ങൾ,നിതാന്തമഞ്ജുളം
വിലസുംതല്പുരമെത്രകോമളം!

ഭുവനോത്തമരാജസൂയമാം
സവനംപാണ്ഡവരെങ്ങുചെയ്തുവോ
ധ്രുവമപ്പുരമാണതിസ്തുലോ-
ത്സവഭൂത്താകിയഢല്ലിവിശ്രുതം

പ്രതിവാരമണച്ചിടുന്നലം-
കൃതികയ്യൊണ്ടുവിളങ്ങുമിപ്പുരം
ക്ഷിതിമണ്ഡനമിന്നുവിണ്ണിനും
നതിചെയ്വാനൊരുപാത്രമെത്രയും.

പ്രിയപൂർവ്വമിതിന്നുമമ്പിലി-
ക്രിയകൊണ്ടാടിയചക്രവർത്തികൾ
സ്വയമിങ്ങെഴുന്നെള്ളിയെന്നൊര-
ക്ഷയസൽകീർത്തിവളർത്തിയില്ലഹോ.

അവനീവലശാസനൻപ്രജാ-
നിവഹത്തിൽസമചിത്തനിങ്ങുപിൻ,
ഭുവനാദരണീയനിന്ത്യയിൽ
ജ്ജവമേററീസുഖഭാഗ്യകീർത്തികൾ

വിദിതനിഖിലശാസ്ത്രനീമഹീന്ദ്രൻ
മദിരവിലോചനയോടുചേർന്നിവണ്ണം
മുദിതഹൃദയനായ്കിരീടമേല്ലും
സുദിനമിതാസുഖമുല്ലസിച്ചിടുന്നു.

ജനപതിതിരുമേനികാക്കുമോരോ
ജനപദവാസികളത്രനാട്ടുതോറും
ഘനമഹിമകലർന്നുമീമഹത്താം
ദിനമമലോത്സവമാക്കിടുന്നുഗാഢം.

പലവിധമതിഭംഗിചേർന്നൊരിന്ത്യാ
വലയമടച്ചുനടത്തുമീമഹത്തിൽ
വിലപെരിയൊരുധാടിചൊല്ലുവാനി-
ന്നുലസനശക്തിതരിമ്പുമില്ലയല്ലോ.

സുകരമഹവിനോദഘോഷണാത്തൃ-
ത്സുകരമൃതാബ്ധിനിമഗ്നരായപോലെ
അകതളിരുകുളിൎത്തുനന്ദിപൂൎവ്വം
സകലരുമാൎത്തുവിളിച്ചുകൂടിടുന്നു.

അലഘുപദവിയൊത്തിണങ്ങുമിന്ത്യാ
തലമതിമോദഭരാഭിമാനപൂൎവ്വം
സുലഭസുഖവിചിത്രവാദ്യഘോഷ-
ച്ഛലമൊടിതാജയഭേരിതാക്കിടുന്നു.

പരമരിയവിശേഷതോരണാംഗാ-
ഭരണമണിഞ്ഞരുളുന്നഭൂതധാത്രി
വരജയനുതിഗാനകൈതവത്താൽ
സരസമിതാകുശലംപറഞ്ഞിടുന്നു.

തരളതരപതാകയാകുമോമൽ-
ക്കരതളിർകൊണ്ടഴകാണ്ടരാജ്യലക്ഷ്മി
പരമമലമഹത്തിനെത്തുകെന്നാ-
സ്സുരപുരിയെസ്സുദ്ധാവിളിച്ചിടുന്നു.

സ്ഫുടമമരഗണത്തിനീമുഹൂൎത്തം
തടവുവെടിഞ്ഞറിയുന്നതിന്നുവേണ്ടി
ചടചടവെടിയെന്നധാടിയോടി-
ന്നുടനടികാശ്യപിഘോഷമാന്നിടുന്നു

അതുലനരവരേന്ദ്രകീർത്തിപോലും
പുതുതരവെങ്കളിയെന്നകൈതവത്താൽ
ഇതുപൊഴുതുലകിങ്കലാകമാനം
പുതുമപുരണ്ടൊരുവെണ്മചേർത്തിടുന്നു.

നിരുപമശുഭസാരവസ്തുവെന്തോ
കരുതുകിലിമനുജൎക്കമന്നിടത്തിൽ
പുരുസുഖമഖിലേന്ദ്രിയങ്ങളിൽചേ-
ൎത്തരുളുമതാണുമഹോത്സവംസുസിദ്ധം

സരസകവിവരൌഘോവണ്ണ്യദിവ്യപ്രഭാവോ-
ത്തരമധിപപദാബ്ജസ്പൎശപുണ്യാഭിരാമം
സുരപുരിയിലുമേററംധാടിയോടുജ്ജ്വലിക്കും
പുരമതുലതനേടി'ഡൽഹി'പാരംജയിപ്പൂ.

വസുസമനധിപൻതന്നാഗമാത്യുത്സവത്താ-
ലസുലഭവിഭവശ്രീമംഗളാലംകൃതാംഗീ
സസുഖമഖിലലോകപ്രൌഢസൌഭാഗ്യയാമീ
വസുമതിനിജനാമംസാൎത്ഥമാക്കിജ്ജയിപ്പൂ.

സ്ഫുടമമൃതസമുദ്രോത്തുംഗകല്ലോലജാലോൽ-
ക്കടതരളമണിസ്തോമാംശുമാലാവിലാസം
ഇടകലരുമലങ്കാരൌഘചിത്രാത്ഭുതശ്രീ
തടവിടുമൊരു'ഡർബാർഹാൾ'നിതാന്തംജയിപ്പൂ.

അകലുഷഗുരുസേവ്യാരാജസൂര്യാദിവീര-
പ്രകരലളിതമഗ്ര്യംസത്സുധൎമ്മാസമാനം

സകലരിലനിമേഷപ്രൌഢിക്കുട്ടന്നൊരോമൽ-
പ്പുകളുടയസദസ്സർൽകൃഷ്ടമായിജ്ജയിപ്പൂ.

സവിധവിലസിതോർവ്വീപാലരേററംമുഴക്കും
വിവിധജയജയാർത്ത്യാൽകൃഷ്ടമായുള്ളഘോഷം
അവിരളമിളകുന്നൂയാതൊരേടത്തിദാനീ
മചിട,മമിതഭാഗ്യോൽകൃഷ്ടപൂർവ്വംജയിപ്പൂ.

തുലിതവലവിമാഥിപ്രാഭവൻവീരലോകാ-
വലികളടിവണങ്ങും'ദിവ്യധീനല്ലജയ്യൻ'
കലിതകുതുകമിന്ത്യാചക്രവർത്തിത്വമേല്ക്കും
വലിയസുദിനമേററംഭാഗ്യവത്തായ്ജയിപ്പൂ.

ജയനതികലരുംസാമ്രാജ്യപട്ടാഭിഷേക-
ക്രിയയിലരിയരാജശ്രീരാജമൂർദ്ധ്നിപ്രസിദ്ധം
പ്രയതനൃപകിരീടംമന്ദമർപ്പിപ്പതാമ-
ക്ഷയസുഖദമുഹൂർത്തംശ്ലാഘ്യവത്തായ്ജയിപ്പൂ.

വിലവിളയുമൊരോമൽസാർവ്വഭൌമാർഹ്യമുദ്യോ-
ജ്ജ്വലമമലമതുല്യംദുർല്ലഭംസൽകിരീടം
തലയിലധിവഹിച്ചുംകൊണ്ടുമിന്നുംമഹാത്മാ-
രലഘുസുകൃതപാത്രീഭൂതരേററംജയിപ്പൂ.

അവനിയുടയസത്തായുള്ളഭാരംമുറക്കി-
ന്നെവരിലമലലോകംഗാഢമർപ്പിച്ചിടുന്നു
നവധവളയശഃശ്രീപൂണ്ടുശോഭിച്ചിടുന്നോ-
രവരിരുവരിലെല്ലോദൈവതേജസ്സിരിപ്പൂ.

സുരുചിരരുചിയേന്തുംതങ്കരത്നങ്ങളെപ്പോ-
ലരുളുമരിയ'മേരീ'ദേവിയും'ജോർജ്ജ്'രാട്ടും
വിരുതൊടിഹജയിപ്പൂധന്യലോകേശരാകു-
ന്നൊരുതിരുവടികൾക്കായ്ചെയ്തിടുന്നേൻപ്രണാമം.

സദാസ്സദൻവിക്രമിചക്രവർത്തിയാ-
മുദാരശീലൻസുധിജോർജ്ജുപഞ്ചമൻ
സദാസദാരൻകുമുദംവിടർത്തിടും
മുദാവിളങ്ങട്ടെഹിമാംശുപോലവെ

ഇനപ്രകാശാസ്തമനംപെടാത്തപാ-
വനപ്രദേശപ്രഭുവായതമ്പുരാൻ
ജനപ്രസാദംവിളയുംവിധംമഹാ-
ഘനപ്രമോദംവിലസട്ടെവിശ്രുതൻ.

ദ്വിജാദിചണ്ഡാളർവരയ്ക്കുമെല്ലാരീ-
പ്രജാഗണംപൂർണ്ണസുഖാമൃതാബ്ധിയിൽ
നിജാശയംപോലെകളിപ്പതത്രക-
ണ്ടജാതശത്രുപ്രഭുനേടുമേസുഖം.

പൊടിച്ചുവാഴ്ക്കുംപുതുതാംപ്രജാസുഖ-
ച്ചെടിക്കുവാട്ടംലവലേശമെന്നുമേ
പിടിച്ചിടായ്വാൻകരുണാരസാഹിത-
പ്പടിക്കുപാററട്ടെവിശിഷ്ടമാനസൻ.

പരാന്തകൻപൂർവ്വനൃപവ്രജംനട-
ന്നൊരാവഴിക്കുത്തമധർമ്മനിഷ്ഠയിൽ

ധരാതലംക്ഷേമസമൃദ്ധമാക്കിനി-
ജ്ജരാർഹഭോഗങ്ങൾഭുജിയ്ക്കണംചിരം.

അവാച്യനൈർമ്മല്യതരാത്മസഭ്യശോ-
നവാംബരാലംകൃതസദ്മമന്നിടം
ദിവാനിശംകീഴിലണച്ചുകാത്തുദ-
ന്തിവാരനീരാട്ടരുളട്ടെഭാഗ്യവാൻ.


പ്രകാണ്ഡതേജോനിധികർമ്മസാക്ഷിയാം
പ്രകാരമോമൽക്കമലാഭിവൃദ്ധിയും
പ്രകാമമാന്ധ്യങ്ങളൊഴിച്ചുലോകരിൽ
പ്രകാശവുംചേർത്തരുളട്ടെമന്നവൻ

വരാശയൻപുണ്യജനാധിപൻശിവോ-
ത്തരാസ്പദൻശുദ്ധവരാളകാന്വിതൻ
നിരാകുലശ്രീയൊടുരാജരാജനാ-
ദരാലിരിക്കട്ടെകുബേരനാംവിധം.

സ്ഫുരിക്കുമാരോഗ്യയശസ്സുഖാദിയാ-
യിരിക്കുമത്യുത്തമഭാഗ്യമോടിനി
അരിന്ദമൻവല്ലഭയൊത്തുമന്നിടം
ഭരിക്കണംസ്വൈരമനേകവത്സരം.

ഏവന്റെതൃക്കാൽപ്പൊട്ടികൊണ്ടുരമ്യമാ-
മവസ്ഥയിന്നിന്ത്യധരിപ്പതിങ്ങിനെ
അവർണ്ണ്യകാരുണ്യമയനസ്സാമഹീ-
ധവന്നുചേരട്ടെസദൈവമംഗളം.

ഗ്രന്ഥകൎത്താ— ചങ്ങരങ്കോത കൃഷ്ണൻകൎത്താവ്.



Delhi.